## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1474** **07-06-2018 ൽ മറുപടിക്ക്**

**സർക്കാർ പുറമ്പോക്ക് ഭൂമി കൈയേറ്റം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം നിയോജക മണ്ഡലത്തിലെ കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി ഡിവിഷൻ പരിധിയിൽ സർക്കാർ പുറമ്പോക്ക് ഭൂമി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ; | (എ) കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി ഡിവിഷനിൽ റീസർവ്വേ ബ്ലോക്ക് നമ്പർ 250 മുതൽ 260 വരെയുള്ള 78 സബ് ഡിവിഷനുകളിലായി 7.25.94 ഹെക്ടർ സ്ഥലം പുറമ്പോക്ക് ഉള്ളതാണ്. |
| (ബി) തങ്കശ്ശേരി പൈതൃക മേഖലയിൽ സർക്കാർ പുറമ്പോക്ക് ഭൂമി കൈയേറി വീടുകൾ നിർമ്മിക്കുകയോ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; കൈയേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൊല്ലം കോർപ്പറേഷന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) സർക്കാർ പുറമ്പോക്ക് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കക്ഷിയ്ക്ക് എതിരെ ഭൂസംരക്ഷണ നിയമ പ്രകാരം കേസെടുത്തിട്ടുണ്ട്. തോട് കയ്യേറുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കേണ്ടത് കോർപ്പറേഷൻ അധികൃതരായതിനാൽ തുടർ നടപടി കൈക്കൊള്ളുന്നതിനായി കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

A70N — K3

— 1K74 —

എ11-30890/17.

താലൂക്ക് ഓഫീസ്, കൊല്ലം,
തീയതി : 05.01.2018.

തഹസിൽദാർ (ഭൂരേഖ),
കൊല്ലം.

സെക്രട്ടറി,
കോർപ്പറേഷൻ,
കൊല്ലം.

സർ,

വിഷയം - അനധികൃത തോട് പുറമ്പോക്ക് കൈയ്യേറ്റം- കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 255-ൽ റീസർവെ 30-ൽപ്പെട്ട പുറമ്പോക്ക് സ്ഥലം അനധികൃതമായി കൈയ്യേറിയത് - സംബന്ധിച്ച്.

സൂചന:- കൊല്ലം വെസ്റ്റ് വില്ലേജ് ഓഫീസറുടെ 26.12.2017-ലെ 599/17 നമ്പർ റിപ്പോർട്ട്.

..........

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 255-ൽ റീസർവെ 30-ൽപ്പെട്ട തോട് പുറമ്പോക്ക് സ്ഥലം ശ്രീ. ഫ്രാൻസിസ് ആന്റണി , തങ്കശ്ശേരി , കർപ്പടയ്ക്കൽ വീട് എന്ന കക്ഷി അനധികൃതമായി കൈയേറി മണ്ണിട്ട് നികത്തി പരിവർത്തനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൊല്ലം വെസ്റ്റ് വില്ലേജ് ഓഫീസർ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തോട് കൈയ്യേറ്റത്തിനെതിരെനിയമ നടപടികൾ സ്വീകരിക്കേണ്ടത് ആ കാര്യാലയം മുഖേന ആയതിനാൽ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നിയമ നടപടി സ്വീകരിക്കുന്നതിലേക്കായി എ ഫാറം റിപ്പോർട്ട്, നിരോധന ഉത്തരവിന്റെ പകർപ്പ് , മഹസ്സർ, സ്കെച്ച്, ബി. റ്റി. ആർ പകർപ്പ് എന്നിവ ഇതു സഹിതം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

തഹസിൽദാർ(ഭൂരേഖ).

പകർപ്പ്- ജില്ലാ കളക്ടർ, കൊല്ലം (ആമുഖ കത്ത് സഹിതം).

സെക്ഷൻ ഓഫീസർ